**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186 — 08.03.2018 -ൽ മറുപടിക്ക്

## ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) വിനോദസഞ്ചാരികളുടെ മാറുന്ന അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിച്ച് പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന് സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. വിനോദസഞ്ചാരികളുടെ മാറുന്ന അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിച്ച് പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിനോദ സഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ച വരുന്നത്.<br>ഈ ലക്ഷ്യം മുൻ നിർത്തി എക്സ്പീരിയെൻഷ്യൽ ടൂർ പാക്കേജുകൾ ടൂറിസ്റ്റുകൾക്കായി തയ്യാറാക്കി നൽകുന്നുണ്ട്. ഇത് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. വില്ലേജ് ടൂറിസം പദ്ധതി - വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ എന്നിവ ഇതിന്റെ ഭാഗമാണ്. കുമരകം, തേക്കടി, ചെറുവയൽ, കോവളം, നെല്ലാറച്ചാൽ, ചെട്യാലത്തൂർ എന്നിവിടങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഈ പ്രവർത്തനം ആദ്യം നടന്നിരുന്നത്. പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപ്പന്നങ്ങൾ ആക്കി പാക്കേജുകളാക്കുകയും ആ പാക്കേജുകൾ വിപണനം ചെയ്യുകയും അതിൽ നിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായ വ്യക്തികൾ, സ്ഥാപനങ്ങൾ, തൊഴിലാളികൾ, വനിതകൾ, തുടങ്ങിയവർക്ക് |

ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് നടന്നു വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നെയ്ത്തുശാലകൾ, കുന്നിമങ്കലത്തെ ബെൽ മെറ്റൽ നിർമ്മാണം, വിവിധ കാവുകളിലെ തെയ്യങ്ങൾ, കൃഷിയിടങ്ങളിലെ സന്ദർശനം, പരമ്പരാഗത മൽസ്യബന്ധന രീതികൾ എന്നിവ കൂട്ടിച്ചേർത്തു ടൂർ പാക്കേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. വയനാട്ടിലെ ചെകാടിയിൽ ഗ്രാമയാത്ര എന്ന പേരിൽ പദ്ധതി പാക്കേജ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ മലരിക്കൽ എന്ന കൊച്ചു ഗ്രാമത്തെ മാധ്യമ ശ്രദ്ധ ആകർഷിക്കും വിധം ഇതിനോടകം ടൂറിസം കേന്ദ്രമായി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരാൻ കഴിഞ്ഞു. ഇവിടെ ജലായനം-ഗ്രാമയാത്ര പദ്ധതി തുടങ്ങിക്കഴിഞ്ഞു. ഒളവണ്ണ, കടലുണ്ടി പ്രദേശങ്ങളിലും ജലായനം എന്ന പേരിൽ പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട്.

ബി) റിസോർട്ടുകളിലും പഞ്ചനക്ഷത്ര ഹോട്ടലുകളിലും താമസിച്ച് കാഴ്ചകൾ കണ്ടുമടങ്ങുന്നതിന് പകരം, ഓരോ പ്രദേശത്തേയും ജനങ്ങളുമായി അടുത്തിടപഴകി നാട്ടുസംസ്കൃതിയെക്കുറിച്ചറിയാനിഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന്

ബി) റിസോർട്ടുകളിലും പഞ്ചനക്ഷത്ര ഹോട്ടലുകളിലും താമസിച്ച കാഴ്ചകൾ കണ്ടു മടങ്ങുന്നതിന് പകരം ജനങ്ങളുമായി അടുത്തിടപഴകി നാട്ടു സംസ്കൃതിയെക്കുറിച്ച് അറിയാനിഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഇതിനായി ആരംഭിക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ തീരുമാനിച്ചിട്ടുണ്ട്.

<u>മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ - പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ</u>

1. വലിയപറമ്പ

| | | |
|---|---|---|
| വ്യക്തമാക്കാമോ; | | 2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)<br>3. പാമ്പുരുത്തി ( കോളച്ചേരി പഞ്ചായത്ത് ദ്വീപ്)<br>4. മലപ്പട്ടം.<br>5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ് )<br>6. എഴോം പഞ്ചായത്ത്<br>7. തിരുവാർപ്പ് പഞ്ചായത്ത്<br>8. അയ്മനം പഞ്ചായത്ത്<br>9. ചെറുതുരുത്തി<br>10. പെരുവെമ്പ<br>11. വെള്ളിനേഴി<br>12. കാന്തല്ലൂർ<br>13. ഒളവണ്ണ<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഇതേ ലക്ഷ്യം മുൻ നിർത്തി ഒരു വർഷം 14 എന്ന ക്രമത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പ്രത്യേകമായി തെരഞ്ഞെടുക്കുന്ന പ്രദേശങ്ങളുടെ ടൂറിസം റിസോർസ് ഡയറക്ടറികൾ തയ്യാറാക്കുന്നതാണ്. 2017-18 കാലയളവിൽ താഴെ പറയുന്ന 7 പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.<br>1. പെരിനാട് - കൊല്ലം ജില്ല<br>2. മൺറോതുരുത്ത് - കൊല്ലം ജില്ല<br>3. കടലുണ്ടി - ജലായനം പദ്ധതി പ്രദേശം- കോഴിക്കോട് ജില്ല<br>4. ഒളവണ്ണ - ജലായനം പദ്ധതി പ്രദേശം- കോഴിക്കോട് ജില്ല<br>5. വട്ടവട<br>6. പൊന്മുടി<br>7. തിരുവാർപ്പ് |
| സി) ഹോം സ്റ്റേകളുടെ പ്രവർത്തന പുരോഗതിക്കായി സ്വീകരിച്ചിരിക്കുന്ന പ്രോത്സാഹനനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | സി) | സംസ്ഥാനത്ത് നിലവിലെ ഹോംസ്റ്റേകൾക്ക് പുറമേ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും പുതുതായി കുറഞ്ഞത് 1000 ഹോംസ്റ്റേകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള അപേക്ഷകൾ സ്വീകരിച്ച് പരിശീലനം മാർച്ച് 8 മുതൽ ആരംഭിക്കുന്നതാണ്. ഹോംസ്റ്റേകളെ പ്രോൽസാഹിപ്പിക്കുന്നതിനായി കേരള ഹോം സ്റ്റേ & റൂറൽ ടൂറിസം മീറ്റ് 2017 സെപ്റ്റംബറിൽ കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഇത് എല്ലാ വർഷവും നടത്തുന്നതാണ്. ഹോംസ്റ്റേകളിൽ ടൂറിസ്റ്റുകളെ എത്തിക്കുന്നതിനായി എയർബിയൻബി അടക്കമുള്ള |

| | | |
|---|---|---|
| | | ഓൺലൈൻ ബുക്കിംഗ് ഏജൻസികളുമായി സഹകരണത്തിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) ഫാം ടൂറിസം വ്യാപകമാക്കുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഡി) | കേരളത്തിൽ കുറഞ്ഞത് 300 ഫാം സ്റ്റേകൾ ആരംഭിക്കുവാൻ പ്രാഥമിക നടപടി ആയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തേജസ്വിനി ഫാർമേഴ്സ് ഗ്രൂപ്പുമായി ചേർന്ന് ഇരുപത് പ്രാദേശിക യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 40 കർഷകർ പുതുതായി ഹോംസ്റ്റേ / ഫാംസ്റ്റേ എന്നിവ ആരംഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതിനു പുറമേ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇതിനായുള്ള പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിക്കുകയും പരിശീലനം മാർച്ച് 2-ാം വാരം ആരംഭിക്കുകയും ചെയ്യും. ഫാം ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള വ്യത്യസ്ത രൂപത്തിലുള്ള പാക്കേജുകൾ തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി വയലിന്റെ ജീവിതചക്രം അറിയുക, ആസ്വദിക്കുക എന്ന പുതിയ പാക്കേജിന് വലിയ പ്രതികരണമാണ് ലഭിച്ചു വരുന്നത്. കൃഷിയിടങ്ങളിൽ ടെന്റഡ് അക്കൊമൊഡേഷൻ പ്രോൽസാഹിപ്പിക്കുന്ന പ്രവർത്തനത്തിനും തുടക്കമിട്ടിട്ടുണ്ട്. പുതുതായി 10 ഫാം ടൂറിസം പാക്കേജുകൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ